Break the Chain

വനിത ശിശുവികസന വകുപ്പ്

150 മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

## സംയോജിതശിശുസംരക്ഷണപദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: ബിന്ദു ഗോപിനാഥ് ഡയറക്ടർ ഇൻ ചാർജ്, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം:വനിത ശിശു വികസന വകുപ്പ്- ICPS – QSSS - 'അഞ്ജനം' പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമിന് 2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റ് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:1.QSSS ഡയറക്ടറുടെ 09.06.2020 ലെ ഗ്രാന്റിനു വേണ്ടിയുള്ള അപേക്ഷ.

2.കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 02.08.2021-ലെ DCPU/KLM/713/21 കത്ത്

3.കേന്ദ്ര സർക്കാർ ഉത്തരവ് നമ്പർ F. No.CW-II-22/30/2015-CW-II തീയതി 28.01.2021

**_ഉത്തരവ് നമ്പർ-ICPS4(A)/1146/21 തീയതി:15.09.2021_**

കേന്ദ്ര വനിത ശിശു വികസന മന്ത്രാലയവും സംസ്ഥാന വനിത ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി, 2020-21 സാമ്പത്തിക വർഷം സന്നദ്ധ സംഘടനകൾ നടത്തി വരുന്ന ചിൽഡ്രൻസ് ഹോമുകൾക്ക് നൽകുന്ന ഗ്രാന്റ് ലഭിക്കുന്നതിനായി മേൽ പരാമർശം (1) പ്രകാരം ക്വയിലോൺ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന "അഞ്ജനം" ചിൽഡ്രൻസ് ഹോം അപേക്ഷ സമർപ്പിച്ചിരുന്നു.ആയതിന്മേൽ പരാമർശം (2) പ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ, കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന "അഞ്ജനം" ചിൽഡ്രൻസ് ഹോമിന് പരാമർശം (3) പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ക്വയിലോൺ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന "അഞ്ജനം" ചിൽഡ്രൻസ് ഹോമിന് 2020-21 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 22,48,000/-രൂപ അനുവദിക്കാവുന്നതാണ് എന്ന് കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്തതിൽ കേന്ദ്ര സർക്കാറിന്റെ ഗ്രാന്റ് ഇൻ എയ്ഡ് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ആകെ 19,78,035/-രൂപ ചെലവഴിച്ചതായി കാണുന്നു.ആകയാൽ അഞ്ജനം ചിൽഡ്രൻസ് ഹോമിന് അനുവദനീയമായ 19,78,035/-രൂപ യുടെ 10% NGO വിഹിതമായ 1,97,803/- രൂപ കുറവ് ചെയ്തു ആകെ **17,80,232/-** ചുവടെ ചേർക്കും പ്രകാരം അനുവദിക്കേണ്ടതുണ്ട്.

| Sl.No | Items | As per Guideline | Amount Utilised as per UC | DCPU ശുപാർശ ചെയ്ത തുക | Admissible Amount |
|---|---|---|---|---|---|
| | **Non Recurring Expense** | | | | |
| 1 | Maintenance | 12,00,000 | 3,63,552 | 4,50,000 | 3,63,552 |
| 2 | Bedding | 40,000 | | 23,200 | |
| 3 | Rent | 4,20,000 | 1,50,000 | 3,00,000 | 1,50,000 |
| 4 | Water & Electricity | 1,20,000 | 57,667 | 60,000 | 57,667 |
| 5 | Salary to Staff | 14,94,000 | 13,62,000 | 13,62,000 | 13,62,000 |
| 6 | Transportation Charges | 80,000 | 19,816 | 40,000 | 19,816 |
| 7 | Miscellaneous | 60,000 | 24,112 | 15,000 | 15,000 |
| 8 | Contigencies | 2,00,000 | 26,557 | 10,000 | 10,000 |
| | | | | | |
| | | | | | |
| | Total | | | | 19,78,035 |
| | Less: 10% NGO Share | | | | 1,97,804 |
| | Grant Total | | | | 17,80,232 |

ടി സാഹചര്യത്തിൽ കായിലോൺ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന "അഞ്ജനം" ചിൽഡ്രൻസ് ഹോമിന് 2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റ് ഇനത്തിൽ **17,80,232/-രൂപ (പതിനേഴു ലക്ഷത്തി എൺപതിനായിരത്തി ഇരുന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) ൽ നിന്നും നിന്നും Anjanam QSSS Childrens Homeന്റെ പേരിൽ **State Bank of India, Kollam ബ്രാഞ്ച്, അക്കൗണ്ട് നമ്പർ 35054672391, IFSC-SBIN0000903**ലേക്ക് ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് ചെയ്തു നൽകേണ്ടതാണ്. സ്ഥാപന മേധാവി തുക കൈപ്പറ്റികൊണ്ടുള്ള രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, ഓഡിറ്റ് സ്റ്റേറ്റ്മെന്റ്, വാർഷിക റിപ്പോർട്ട് എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS)

**ഡയറക്ടർ**
"അഞ്ജനം" ചിൽഡ്രൻസ് ഹോം , കൊല്ലം

<u>പകർപ്പ്</u>

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കൊല്ലം
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS-4
4. സ്റ്റോക്ക് ഫയൽ
5. സൂപ്രണ്ട് B സെക്ഷൻ

ഉത്തരവിൻ പ്രകാരം

Remya

സൂപ്രണ്ട്